പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി കേന്ദ്ര ഗവൺമെന്റും വ്യവസായ രംഗവും ചേർന്ന് പുറത്തിറക്കിയ പ്രമാണരേഖ

13 (4173) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി കേന്ദ്ര ഗവൺമെന്റും വ്യവസായ രംഗവും ചേർന്ന് ഒരു പ്രമാണ രേഖ പുറത്തിറക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രമാണ രേഖയുടെ ഒരു കോപ്പി ലഭ്യമാക്കാമോ ;

(സി) ഈ പ്രമാണ രേഖയുടെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്ന മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രമാണ രേഖയുടെകോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) മലിനീകരണം തടയുന്നതിനുള്ള നടപടി മലിനീകരണനിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു.

ഭവാനി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

14 (4174) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോ പ്രവർത്തനം സംബന്ധിച്ച് ഭവാനി കമ്മീഷൻ നൽകിയിരിക്കുന്ന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ വിശദീകരിക്കാമോ ;

(ബി) ഷെഡ്ഡുകളും, ഭൂമിയും ഹയർപർച്ചേസ്/ഒ.ആർ.എസ്. വ്യവസ്ഥയിൽ കൈമാറുവാനുള്ള നിർദ്ദേശം ഉണ്ടോ ;

(സി) ഈ ശുപാർശകൾ നടപ്പാക്കിയാൽ സിഡ്കോയ്ക്ക് എത്ര കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാകും ;

(ഡി) ചെറുകിട വ്യവസായികൾക്ക് പ്ലോട്ടുകൾ സ്വന്തമായി നൽകുമ്പോൾ അടച്ചവാടകയുടെ 75 ശതമാനം കുറവുചെയ്യണമെന്ന നിദ്ദേശം ഉണ്ടോ ;

(ഇ) ഇത് നടപ്പാക്കിയാൽ സിഡ്കോയ്ക്ക് എത്ര കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാകും ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരത്തിൽ സിഡ്കോക്കുണ്ടാകുന്ന ബാദ്ധ്യത നികത്തുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്.

(ജി) സിഡ്കോയുടെ കീഴിലുള്ള 17 വ്യവസായ എസ്റ്റേറ്റുകളുടേയും മാർക്കറ്റുവാല്യൂ എന്തൊക്കെയാണ് നിശ്ചയിച്ചിട്ടുള്ളത് ; രണ്ടു തവണയിലേയും കണക്ക് വെളിപ്പെടുത്താമോ ;

(എച്ച്) ഭവാനി കമ്മിഷൻ ശുപാർശ നടപ്പാക്കിയാൽ നിലവിൽ നിശ്ചയിച്ചിരിക്കുന്ന മാർക്കറ്റുവാല്യൂ ലഭ്യമാകുമോ ;

(ഐ) എങ്കിൽ സംസ്ഥാനത്തിന് വൻ നഷ്ടമുണ്ടാക്കുന്ന ശുപാർശകൾ തള്ളിക്കളയാൻ സർക്കാർ തയ്യാറാകുമോ ;

(ജെ) സംസ്ഥാനത്തിന് വൻ ബാദ്ധ്യത വരുത്തിവച്ചും ശുപാർശ നടപ്പാക്കുകയാണെങ്കിൽ സിഡ്കോയ്ക്ക് വരുന്ന 40 കോടി രൂപയുടെ നഷ്ടം നികത്തുവാൻ സർക്കാർ ധനസഹായം നൽകുമോ ?

ഉത്തരം

(എ) പതിനേഴ് വ്യവസായ എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം 1975-ൽ സിഡ്കോയ്ക്ക് കൈമാറി. 1975-ൽ തന്നെ പി. ഡബ്ല്യു.ഡി. യും എ.ജി.റ്റി. യും നിശ്ചയിച്ച വിലകൾ ഉണ്ടായിരുന്നു. എങ്കിലും അന്തിമവിലയായി പി.ഡബ്ലിയു.ഡി. നൽകിയ വിലയെ സർക്കാർ 1994-ൽ മാത്രമാണ് അംഗീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ സിഡ്കോ 1-2-1995ൽ വിലയ്ക്ക് തുല്യമായ ഷെയർ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. 1-4-1975 മുതൽ 7-2-1996 വരെ അലോട്ട് ചെയ്യപ്പെട്ട ഷെഡ്/ലാൻഡ്സിന് താൽക്കാലിക അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് (ഒ.ആർ.എസ്.) നൽകപ്പെട്ടിരുന്നവരുടെ വിലയുടെ 221%/300% (221% എന്നത് 1-4-1975 മുതൽ 11/94 വരെ നൽകപ്പെട്ടിട്ടുള്ള യൂണിറ്റ് ഉടമസ്ഥർ, 300% എന്നത് 12/94 മുതൽ 1-2-1996 വരെ നൽകപ്പെട്ടിട്ടുള്ള യൂണിറ്റ് ഉടമസ്ഥർ) കൂടി നിശ്ചയിച്ച് അവർ അടച്ചതുക കുറച്ച് ബാക്കിതുക അടച്ചാൽ വിലയാധാരം നൽകണമെന്നാണ് ഭവാനി കമ്മീഷൻ ശുപാർശ ചെയ്തത്.

1-4-1975 മുതൽ 1-2-1996 വരെ വാടകയ്ക്ക് നൽകപ്പെട്ടിരുന്ന ഷെഡ്/ലാൻഡ് വില എന്നിവ ഭവാനി കമ്മീഷൻ ശുപാർശയിലെ മാനദണ്ഡം അനുസരിച്ച് അടിസ്ഥാനവില കണക്കാക്കി അതിന്റെ 221/300% കൂട്ടി നിശ്ചയിച്ച തുകയിൽ നിന്നും, അടച്ചുവാടകയുടെ 75% കുറച്ച് വില നിശ്ചയിച്ച്, ആ തുക അടയ്ക്കുന്നവർക്ക് വിലയാധാരം നൽകാനും വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്.

(സി) ബാദ്ധ്യത കണക്കാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) അടച്ച വാടകയുടെ 75% കുറച്ച് നൽകുകയാണെങ്കിൽ ഉദ്ദേശം 75.92 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ടാകും എച്ച്.പി/ഒ.ആർ.എസ്. വ്യവസ്ഥയിൽ നൽകിയിട്ടുള്ള ഷെഡ്/ലാൻഡ്കൾക്ക് ഏകദേശം 43.3 ലക്ഷം രൂപ നഷ്ടം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തീരുമാനിച്ചിട്ടില്ല.

(ജി) അനുബന്ധമായിചേർത്തിട്ടുണ്ട്. †

(എച്ച്) ഇല്ല.

(ഐ) ശുപാർശകൾ ഭേഗതികളോടെ അംഗീകരിച്ചിട്ടുണ്ട്.

(ജെ) ഇക്കാര്യത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല.

സിഡ്കോയുടെ നവീകരണം

15 (4175) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നവീകരണ പരിപാടികളാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സിഡ്കോയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നവീകരണ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന സ്റ്റീൽ ഫർണിച്ചറുകൾ, തടി ഫർണിച്ചറുകൾ സി.എഫ്.എൽ./സ്ട്രിറ്റ് ലൈറ്റുകൾ, സോഡിയം പേപ്പർ ലാംബുകൾ, മെർക്കുറി പേപ്പർ ലാംബുകൾ, ഹോസ്പ്പിറ്റൽ ഫർണിച്ചറുകൾ എന്നിവ സിഡ്കോയുടെ കോമൺ ബ്രാൻറ്റിംഗ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാര്യക്ഷമമായി വിപണനം നടത്താനുള്ള പദ്ധതികളുടെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

2. സിഡ്കോയുടെ റാ-മെറ്റീരിയൽ ഡിവിഷനിൽ ബീറ്റുമിന്റെ വിപണനം വിപുലപ്പെടുത്താനും മെഴുകു വില്പന ഊർജ്ജിതപ്പെടുത്താനും നടപടികൾ എടുത്തുവരുന്നു. അതോടൊപ്പം ഇൻഡസ്ട്രിയൽ സാൾട്ട്, അമോണിയ ഗ്യാസ്, ഫ്രിയോൺ ഗ്യാസ് എന്നിവ കേരളത്തിലെ ഐസ് ഉൽപ്പാദന യൂണിറ്റുകൾക്ക് വിൽക്കുവാനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

3. പ്രൊഡക്ഷൻ യൂണിറ്റുകളിലെ തൊഴിലാളികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിച്ച് ഉൽപാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

4. ലഭ്യമായ സ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ചെയ്ത് വിൽപനയ്ക്ക് തയ്യാറായ വ്യവസായ പാർക്കുകൾ വിൽക്കുവാൻ ഊർജ്ജിത നടപടികൾ എടുത്തുവരുന്നു.

5. ഓരോ പഞ്ചായത്തിലും ഒരു വ്യവസായ പാർക്ക് ചെറുകിട വ്യവസായികൾക്കായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[25-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 14 (4174) ദയവായി കാണുക]

Kerala Small Industries Development Corporation Limited

Vacancy Position of Lands and sheds in industrial estates

Sl.No.	Name of Industrial Estate	Revenue value per cent in ₹
1	Pappanamcode	25000 (as on 2002)
2	Umayanallor	10000 (as on 1998)
3	Karunagappally	26991 (as on 1999)
4	Kollakadavu	12018 (as on 2001)
5	Cherthala	31172 (as on 2002)
6	Palluruthy	No Revenue value available
7	Changanacherry	12146 (as on 2002)
8	Ettumanoor	18439 (as on 2002)
9	Mudickal	9320 (as on 2001)
10	Ollur	30000 (as on 2002)
11	Kallettumkara	23000 (as on 2002)
12	Karakkad	15000 (as on 2000)
13	Olavakkode	10000 (as on 2002)
14	Manjeri	39000 (as on 2000)
15	West Hill	30000 (as on 2002)
16	Palayad	3000 (as on 2001)
17	Kasaragod	23438 (as on 2002)

LIBRARY ARCHIVES Kerala Legislative Assembly